# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1337 — 30.01.2018-ൽ മറുപടി നൽകേണ്ടത്

**<u>സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ എസ്. പി. സി. യൂണിറ്റുകൾ</u>**

| **ചോദ്യം**<br>ശ്രീ.പി.കെ.ബഷീർ | | **മറുപടി**<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പുതുതായി എസ്. പി. സി. യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര സ്കൂളുകളിൽ ഈ യൂണിറ്റുകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | ബഹു.ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ നടപ്പ് അദ്ധ്യയന വർഷം 100 സർക്കാർ സ്കൂളുകളിൽകൂടി എസ്.പി.സി പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് പ്രഖ്യാപിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പുതുതായി എസ്.പി.സി യൂണിറ്റ് അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ടുള്ള സർക്കാർ സ്കൂളുകളുടെ അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | എസ്. പി. സി. യൂണിറ്റുകൾ ആരംഭിക്കുന്നതിന് വേണ്ടിയുള്ള ഫണ്ടിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഓരോ സ്കൂളിനും എത്ര തുകയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എസ്.പി.സി പദ്ധതിയുടെ സ്കൂൾ/ജില്ല/സംസ്ഥാന തലങ്ങളിൽ പദ്ധതി വിഹിതത്തിൽനിന്നും മാറ്റിവയ്ക്കുന്ന തുകയിൽ കുറവുന്നിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ പോലീസ് നവീകരണ സ്കീമിൽ ഉൾപ്പെടുത്തി 10.7 കോടി രൂപ എസ്.പി.സി പദ്ധതി നിർവഹണത്തിനായി വകയിരുത്തിയിരുന്നു. ആയത് 2017-18 സാമ്പത്തികവർഷം 9 കോടി ആയി കുറഞ്ഞിട്ടുണ്ട്. കൂടാതെ, എസ്.പി.സി യുടെ 'ശുഭയാത്ര' പദ്ധതിക്കായി 1 കോടി രൂപ മോട്ടോർ ട്രാൻസ്പോർട്ട് വകുപ്പ് വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഏറനാട് നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്; അവയിൽ ഇതെല്ലാം സ്കൂളുകളിലാണ് പുതുതായി എസ്. പി. സി. യൂണിറ്റ് ആരംഭിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ഏറനാട് നിയോജക മണ്ഡലത്തിലെ പേരകമണ്ണ ഗവ.എച്ച്.എസ്-ൽ നിന്നുമാത്രമേ അപേക്ഷ ലഭിച്ചിട്ടുള്ളൂ. |

സെക്ഷൻ ഓഫീസർ